കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പെട്രോൾ ഫില്ലിംഗ് സ്റ്റേഷനുകളുടെ സ്ഥാനവും, ലേ ഔട്ടും തീരുമാനിക്കുന്നതിനും മുനിസിപ്പൽ ബസ്സ്റ്റാൻഡ്, സ്റ്റേറ്റ് ബസ് ടെർമിനൽ എന്നിവ പോലെയുള്ള ട്രാഫിക് സ്റ്റേഷനുകളുടെ സ്ഥാനവും, നിർമ്മാണവും തീരുമാനിക്കുന്നതിനും ചീഫ് ടൗൺ പ്ലാനറുമായുള്ള കൺസൾട്ടേഷൻ ആവശ്യമുണ്ട്.

(ബി) ചുറ്റുമുള്ള പ്രദേശങ്ങളുടെ സ്വഭാവവും, വികസനവും വികസന പ്രവണതയും കണക്കിലെടുത്തും പൊതുവെയുള്ള കെട്ടിടങ്ങളുടെ ലേഔട്ടിന്റെ പ്രായോഗികത/ഗ്രണനിലവാരം, നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ അഭികാമ്യത നഗരാസൂത്രണ പദ്ധതി/പ്ലാനുകൾ തുടങ്ങിയവ പരിഗണിച്ചാണ് ചീഫ് ടൗൺ പ്ലാനർ മേൽ അംഗീകാരങ്ങൾ നൽകുന്നത്.

റോഡുകളുടെ വീതി, ഉളവാകുന്ന ട്രാഫിക്ക്, ഇന്റർ സെക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിലുള്ള സ്ഥാനം, വിവിധ ഓക്യുപെൻസികളുമായുള്ള സാമീപ്യം തുടങ്ങിയവ കണക്കിലെടുത്താണ് പെട്രോൾ ഫില്ലിംഗ് സ്റ്റേഷനുകളുടെ സ്ഥാനത്തിലും ലേഔട്ടിലും ചീഫ് ടൗൺ പ്ലാനർ തീരുമാനമെടുക്കേണ്ടത്.

പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

110 (1484) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നിലവിൽ വന്ന തദ്ദേശ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും അതിനായി എത്ര തുക ഇതുവരെ ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതുതായി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനും കൊട്ടാരക്കര, പന്തളം, ഹരിപ്പാട്, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, കട്ടപ്പന, പിറവം, കൂത്താട്ടുകുളം, വടക്കാഞ്ചേരി, പട്ടാമ്പി, ചെർപ്പുളശ്ശേരി, മണ്ണാർക്കാട്, താനൂർ, പരപ്പനങ്ങാടി, വളാഞ്ചേരി, തിരുരങ്ങാടി, പയ്യോളി, രാമനാട്ടുകര, കൊടുവള്ളി, മുക്കം, മാനന്തവാടി, സുൽത്താൻബത്തേരി, ഇരിട്ടി, പാനൂർ, ശ്രീകണ്ഠപുരം, ആന്തൂർ, ഫറോക്ക്, കൊണ്ടോട്ടി എന്നീ 28 നഗരസഭകളും 1-11-2015-ൽ രൂപീകൃതമായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി രൂപീകരിച്ച തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് അനുവദിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഉറവിട മാലിന്യ സംസ്കരണ പരിപാടി

111 (1485) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഉറവിട മാലിന്യ സംസ്കരണ പരിപാടി പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ബി) ഈ പരിപാടിയ്ക്കായി ഓരോ ബഡ്ജറ്റിലും എന്ത് തുക വീതം അനുവദിച്ചിരുന്നു എന്നറിയിക്കാമോ;

(സി) അനുവദിച്ച തുകയിൽ എത്ര വീതം ചെലവഴിക്കപ്പെട്ടു എന്നുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഉറവിട മാലിന്യ സംസ്കരണ പദ്ധതി പ്രകാരം ഗാർഹിക തലത്തിൽ കമ്പോസ്റ്റിംഗ് സംവിധാനങ്ങളായ പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, കലം കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങളും ഗാർഹികതല ബയോഗ്യാസ് പ്ലാന്റുകളും ഗ്രാമ-നഗര പ്രദേശങ്ങളിലെ വീടുകളിൽ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപന തലത്തിലും സമൂഹ തലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളും കമ്പോസ്റ്റിംഗ് സംവിധാനങ്ങളും സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) (തുക ലക്ഷത്തിൽ)

വർഷം	അനുവദിച്ച തുക
2012-13	5330
2013-14	250
2014-15	Nil.
2015-16	75

(സി) ഇതുവരെ 4051 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly